

# KITES 2019-22

## DIGITAL MAGAZINE

GOVT: H S FOR GIRLS CHAVARA

# എഡിറ്റോറിയൽ ബോർഡ്

## ടീം കൈറ്റ് 2019-2021

# സഹായികൾ

# 9A and 9B.

# പാവ

## ശാരു 9B

പിറന്നാൾ സമ്മാനം വാങ്ങാൻ തിരക്കേറിയ
അച്ഛന്റെ കൈയും പിടിച്ച് അവൾ നടന്നു.അവളുടെ കറുത്ത
ഉടുപ്പിലെ വെളുത്ത പൊട്ടുകൾ ആകാശ-
ത്തിലെ നക്ഷത്രങ്ങളെ പോലെ പ്രതിഫലിച്ചു.ഈ പിറന്നാളിന് അച്ഛൻ
അവൾക്കായി കണ്ടുവച്ചത് .വിലക്കടിയ
പലതരം ഗെയിമുകളുള്ള ഒരു ടാബ് ലറ്റ
ആയിരുന്നു. ടാബ് ലറ്റും വാങ്ങി വരുമ്പോൾ ഒരു ചില്ലലമാരയിൽ
നക്ഷത്രകണ്ണുള്ള ഒരു സുന്ദരിപാവയെ അവൾ കണ്ടു. അതിനെയും അവൾ
സ്വന്തമാക്കി .

"അതൊന്നും വേണ്ട... ടാബ് ലറ്റ്
മതി. കാലം മാറുന്നതിനനുസരിച്ച് കോലവും മാറണ്ടേ. എന്ന അമ്മയുടെ വാദം അവൾക്ക്
ഇഷ്ടപ്പെട്ടില്ല.
വീട്ടിലെത്തിയ അവൾ മുറിയിലെ കർട്ടൻ
നീക്കി ടേബിളിൽ നിന്നും കളർ പെൻ-
സിൽ എടുത്ത് പാവക്കുട്ടിയെ ഞൊടിയിൽ ചുവരിലേക്ക് പതിപ്പിച്ചു.

ബാങ്ക് മാനേജരായ അച്ഛന്റെയും
അകൗഡന്റായ അമ്മയുടെയും ഒരേ ഒരു
മകളായ അനാമിക.അവൾക്ക് ചിത്രങ്ങൾ
വളരെ ഇഷ്ടമാണ് തിരക്കേറിയ നഗരത്തിലെ  ഒരു ഫ്ലാറ്റിൽ ഏഴാം നിലയിലാണ് ഇവരുടെ താമസം.
രണ്ടുപേരും അയൾ ഒപ്പം കാണുന്നാത് ആഘോഷദിവസങ്ങളിലാണ് . രണ്ട് പേരും രാവിലെ
പോയാൽ രാത്രിയിലെ
മടങ്ങി വരു . വന്നാലും ഫോണിലാണ് .
രണ്ടുപേരയും കാത്തിരുന്ന് അവൾ ഉറങ്ങുകയാണ് പതിവ് .

ഇതിനിടയിൽ അവൾക്ക്
ഇത്തിരി ആശ്യാസം നൽക്കുന്നാത് ഫ്ലാറ്റിലെ ജോലിക്കാരിയാണ് . അവളുടെ മിനുചേച്ചി
അനാമികക്ക് മിനുചേച്ചിയെ വളരെ ഇഷ്ടമാണ് . അവളെ ചിത്രം വരയ്ക്കാനും, കളർ ചെയ്യാനും ,
മുറിയുടെ
കർട്ടാനും പിന്നിൽ വരച്ച് ഒളിപ്പിക്കാനുള്ള
തന്ത്രങ്ങളും പറഞ്ഞ് കൊടുത്താത് മിനുചേച്ചിയാണ് .

ഒരു ദിവസം സ്കൂളിൽ ചിത്ര മത്സരം നടന്നു . ടീച്ചർ വിഷയം
ബോർട്ടിൽ എഴുതി 'Childhood games'
എന്നതായിരുന്നു വിഷയം . അനാമികയും മത്സരത്തിൽ പങ്കെടുത്തു .മീനുചേച്ചി പറഞ്ഞ് കൊടുത്ത നാട്ടിൻപുറകഥകൾ ഒര്
മിന്നൽ പേലെ അവളുടെ മനസ്സിലൂടെ കടന്നുപോയി. അവൾക്ക് ഏറ്റവും പ്രിയപ്പെട്ട ഒളിച്ച്കളി . എന്നിട്ട് അവൾ വരക്കാൻ തുടങ്ങി .

ഒരു കുറ്റൻ മതിലിനോട് ചേർന്ന് കണ്ണ് പൊത്തി എണ്ണുന്ന കുട്ടി .
മതിലിനോട് ലേഷം മാറി ഒരു മരത്തിന്
പിന്നിൽ ഇടക്ക് ഇടക്ക് എത്തിനോകുന്ന
കുട്ടികൾ. പിറ്റെ ദിവസം സ്കൂൾ അസംബ്ലിയിൽ സമ്മാനം ടീച്ചർ . അനൗൺസ് ചെയ്തു . ഒന്നാം സമ്മാനം അനാമികക്കായിരുന്നു ലഭിച്ചാത് . സന്തോഷം കൊണ്ട് അവൾ അവളുടെ കണ്ണുകൾ വിടർന്നു , മുഖം ചുവന്നു . അവൾ
സമ്മാനം ഏറ്റുവാങ്ങി . അന്ന് വൈകിട്ട് സമ്മാനം കൊണ്ട് അവൾ വീട്ടിലേക്ക്
ഓടി മീനുചേച്ചിയെ കാണിച്ചു.അച്ഛനെയും
അമ്മയേയും കാണിക്കാനായി അവൾ
അവരെ കാത്ത് ഒരുപാട് നേരം ഇരുന്നു.
രാത്രി വൈകിയാണ് ഇരുവരും വന്നത്.
ജോലിയുടെ ടെൻഷൻ മൂലം അവർ ഇവളെ
ശ്രദ്ധിച്ചില്ല.അവർ വന്ന് ഫ്രഷ് ആയ ശേഷം ഫോണിൽ നോകി ഇരുന്നു. അവൾ അത് കണ്ട് ദുഖത്തോടെ മുറിയിലെക്ക് ഓടി എന്നിട്ട് പൊട്ടി കരഞ്ഞു എന്നിട്ട് അവളുടെ ബുക്ക് എടുത്ത് എന്തോ കുറിച്ചു . അവൾ ഉറക്കത്തിലെക്ക്
ചാഞ്ഞു , പിറ്റേന്ന് രാവിലെ അവളുടെ അമ്മ മുറിയിൽ എത്തിയപ്പോൾ കണ്ട കാഴ്ച അതി ദയനിയമായിരുന്നു , അനാമികയുടെ അരികത്തായി അവളുടെ ട്രൊഫിയും അവളുടെ പ്രിയപ്പെട്ട ബുക്കും ,കളിക്കുട്ടുകാരി പാവയും , തുറന്നിട്ട്പോലും ഇല്ലാത്ത tab ഉം ഉണ്ടായിരുന്നു . അവളുടെ കണ്ണിലൂടെ കണ്ണുനിർ ഒഴുകിയ പാടും ഉണ്ടായിരുന്നു . അമ്മ ആ ബുക്ക് തുറന്ന് പേജ് മറിച്ചു . ഒരു പേജിൽ കണ്ണുനിർ ഒഴുകിയ പാവ ബാലകാലത്തേ കളിക്കാൻ വിളിക്കുന്നു .

*പാവ????*

# എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ

## എംകെ ഗാന്ധി.

അമൃത.B.R 9B

മഹാത്മാഗാന്ധിയുടെ ആത്മകഥയായ 'എന്റെ സത്യാനേഷണ പരീക്ഷണങ്ങൾ ' മലയാളത്തിലെക്ക് വിവർത്തനം ചെയ്തിരിക്കുന്നത് സി.പി ഗംഗാധരനാണ്.

മഹാത്മാഗാന്ധി എക്കൊലത്തെയും അദ്ഭുതമാണ് ;ജീവിച്ചിരുന്നപ്പോഴും മരണശേഷവും അശരണരായ കോടാനകോടി കൾക്ക് പ്രതീക്ഷയും പ്രത്യാശയും പകർന്ന നൽകി ആ ജീവിതം മഹാത്മാവിന്റെ വിശ്യപ്രസിദ്ധമായ ആത്മകഥയാണ് 'എന്റെ സത്യാനേഷണ പരീക്ഷണങ്ങൾ'. ഗുജറാത്തി ഭാഷയാണ് ഈ ആത്മകഥ രചിച്ചിരിക്കുന്നത് .

ഇന്ത്യയിൽ സ്യാതന്ത്ര്യ സമരക്കാലത്തെ രണ്ട് ആത്മകഥകൾ സമ്മാനിക്കുകയുണ്ടായി ഈ പുസ്തകങ്ങൾക്ക് ഇരുവരും 'ഓട്ടോബയോഗ്രഫി' എന്ന സാമാന്യനാമം നൽകി നെഹ്റു 'An Autobiography' എന്ന പേരുമാത്രമാണ് നൽകിയത് . നെഹറുവും ആത്മകഥയിലൂടെ ചരിത്രമെഴുതുകയായിരുനന്ന . ഗാന്ധിജിയാകട്ടെ താൻ തന്റെ കഥയെഴുതുകയാണെന്ന് വ്യക്തമായി പറയുകയുണ്ടായി എഴുത്ത് ചരിത്രമായി മാറിയേക്കുമെന്ന നിലയിലെത്തിയപ്പോൾ, ഗാന്ധിജി, വളരെ വൈമനസ്യത്തോടെയാണങ്കിലും ആത്മകഥയെഴുത്ത് നിർത്താൻ തീരുമാനിച്ച . ആത്മകഥയിലെ അന്തിമാദ്ധ്യായം വിട പറയലാണ് . രചനയെ ഭാവാത്മകമായ ഒരു കലാപ്രവർത്തനമായിക്കണ്ട ഒരു കലാകാരനല്ലാതെ രചനയുടെ ഒടുവിൽ ഭാവുകനായ വായനക്കാരോട് എത്രമാത്രംഹദയബന്ധസ്ഥാപിക്കാനം അതും തീരുമ്പോൾ ആഴത്തിൽ ദു.ഖിക്കാനം സാധിക്കുകയില്ലാ 'അനല്പമായ ഹ്ദയവേദന'യാണ് പുസ്തകത്തിന്റെ സമാപ്തിയിൽ ഗാന്ധിജി അനഭവിച്ചത് .

ഷഷ്ഠിപൂർത്തിയാവുന്ന ഘട്ടത്തിലാണ് തന്റെ വ്യക്തിജീവിതം ഇന്ത്യ ചരിത്രത്തിന്റെ ഭാഗമായി തീരുന്നണ്ടന്ന് ഗാന്ധിജി തിരിച്ചറിയുന്നത് . ഇക്കാലം തൊട്ട് തന്റെ ജീവിതപരീക്ഷണങ്ങൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വഴിയിലൂടെയാണ് അദേഹം നടത്തി പോന്നത് . ശാസ്ത്രജ്ഞന്റെ തുറന്ന മനസോടെയാണ് താൻ ജീവിത പരീക്ഷണങ്ങൾ നടത്തിയതെന്ന് ഗാന്ധിജി പ്രസ്ഥാപിച്ചിട്ടുണ്ട് . 'Experiment'എന്നത് ശാസ്ത്രീയമായൊരു സംജ്ഞമാണ് ,കലാപരമോ തത്ത്യചിന്താപരമോ ആയ സങ്കേതമല്ല . സത്യത്തിലുള്ളനിഷ്ഠ , ബ്രഹ്മചര്യം , അഹിംസാവ്രത്തം , ആത്മപരിശോധന തുടങ്ങി അനവധി
ഉപായങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് തൻെറ ജീവിതത്തെ അദ്ദേഹം നിരന്തരം ശുദ്ധീകരിച്ച വരുകയായിരുന്ന.

# GIND

## sanu

Gind by harini gopal swami is a noued at heart and has lived all over india . She wrote many adventure story to childrens .

Gind the story tell about real life of vanara . Vanara is the most famous animal in the world . The hysterious and momentous things are happening around Vanaras . But they are cleverless about their own part . This book is greatfully dedicated to the travel and living life of vanaras . And the importance of their life in the earth . Karuppan was the head of vanara group . The vanara do work with the advice of karuppan . They lived togehter in ongchu tree and they stepped in the bharsa river near the tree to washing .

The life of vanara they started their climbing tree at start morning to evening some time they take rest because all known how fastly climb the tree.

In vanara they made many competition after their small vanaras compete . The competitions were fast climber swayer . The winners got prize . They gave more speciality to the gift . So they became very happy.

Vanara life is almost same as human beings . Because they work hard to complete their work .

I read the story i understand the life of vanaras . While reading gind tell us that is the exciting adventure will have you rollicking from one escaped to another in this fashion . Packed fantasy . Meet delightful ,strange and magical characters . And follow the trail of vanaras as their light hearted adventure .

# ഒരു missed call ന്റെ ദൂരം

## സൗമ്യ. എസ്

സമയം രാവിലെ 6.50 ആവാറായി. ചുണ്ടിൽ ഒരു നേർപുഞ്ചിരിയോടെ അഞ്ജന കണ്ണുകൾ മെല്ലെ തുറന്നു. ജനാലയിലേക്ക് അവൾ നോക്കി അതിന്റെ വിടവുകളിലൂടെ തണുത്ത കാറ്റ് അവളുടെ കവിളിൽ ഉമ്മ വച്ചു. കുയിലിന്റെ മധുരിതമായ പാട്ടിന്റെ ശബ്ദം അവളുടെ കാതിൽ പതിച്ചു. ഇന്നലെ night duty ആയതിനാൽ അവൾ കിടക്കാൻ വൈകിയിരുന്നു. അതിന്റെ ഉറക്കക്ഷീണവും തണുത്ത കാറ്റുമെല്ലാം കാരണമാവാം അവൾ പതിയെ ഉറക്കത്തിലേക്കു വീണു. അവൾ പിന്നെ കണ്ണുതുറന്നപ്പോ തന്റെ അനിയത്തി അഖില നിൽക്കുന്നു. അഞ്ജന ചെറുചിരിയോടെ പറഞ്ഞു. "നല്ല ശീലമൊക്കെ തുടങ്ങിയോ എന്നെക്കാൾ നേരത്തെ എണീറ്റല്ലോ" അഖില അത്ഭുതത്തോടെ പറഞ്ഞു. ചേച്ചിയ്ക്ക് ബോധമില്ലേ. ഞാൻ നേരത്തേയൊന്നുമല്ല. ചേച്ചി താമസിച്ചതാണ് അഞ്ജന പെട്ടെന്ന് ക്ലോക്കിലേക്ക് നോക്കി. സമയം 8.5 ആയി. അവൾ ഒരു ഞെട്ടലോടെ എഴുന്നേറ്റു. ഓഫീസിൽ 8.30 ആകുമ്പോൾ പോകണം. മാനേജർ strict ആണ്. തന്റെ അനിയത്തിയ്ക്ക് കൊടുത്തുവിടാൻ ഭക്ഷണം ഒന്നും തയാറായില്ല. അവൾ ആകെ സങ്കടത്തിലായി. അഞ്ജനയ്ക്കും അഖിലയ്ക്കും അച്ഛനും അമ്മയും അമ്മയുമില്ല. അപകടത്തിൽ മരിച്ചു അനിയത്തിയെ തന്റെ ജീവനേക്കാളേറെ അഞ്ജന സ്നേഹിക്കുന്നു. അവർ പാവപ്പെട്ടവരാണ്. തന്റെ അനിയത്തിയെ പഠിപ്പിച്ച് നല്ല നിലയിലെത്തിക്കാൻ വേണ്ടി കഷ്ടപ്പെടുകയാണ് ചേച്ചിയായ അഞ്ജന. വളരെ പ്രയത്നിച്ച് കിട്ടിയ ജോലിയാണ് അഞ്ജനയുടേത്. ഒരു ആഴ്ചയായതെയുള്ളു അവൾ ഓഫീസിൽ ജോലി കിട്ടിയിട്ട്. കൃത്യനിഷ്ഠക്കാരനാണ് മാനേജർ. അവൾ വേഗം വീട്ടുജോലി തീർത്ത് ഓഫീസിലേക്ക് ഇറങ്ങി. അവൾക്ക് ഒരു സെക്കനാന്റ് സ്കൂട്ടർ ആണുള്ളത്. അത് ഇടയ്ക്കിടെ കേടാവും. അവൾ ഇറങ്ങി കുറച്ചു കഴിഞ്ഞപ്പോൾ സ്കൂട്ടർ കേടായി. അവൾ വർക്ക്ഷോപ്പിൽ കൊടുത്തിട്ട് നടന്ന് പോയി. ബസൊന്നും അവൾക്ക് കിട്ടിയില്ല. അവൾ. ഓഫീസിലെത്തി. സമയം 8.45 കഴിഞ്ഞു. മനേജർ അവളെ ശകാരിച്ചു. അവളെ ജോലിയിൽ നിന്ന് dismiss ചെയ്തു. അവളയാളുടെ കാൽപിടിച്ചു. എന്നിട്ടുപോലും ഒരു അലിവുമില്ലാതെ പുറത്താക്കി. അവൾ ദുഖിതയായി വീട്ടിലേക്ക് പോയി. ഈ വിവരം തന്റെ അനിയത്തിയോട് അവൾ പറഞ്ഞില്ല. പിറ്റേദിവസം ഒരു ജോലി അന്വേഷിക്കാനായി പോയി. ധരാളം ഓഫീസുകളിലും ടെക്സ്റ്റയിൽസുകളിലുമെല്ലാം കേറിയിറങ്ങി. അവൾക്ക് ഒരു ജോലിയും കിട്ടിയില്ലല. തന്റെ അനിയത്തിയുടെയു ഭാവി ഇല്ലാതാവുമെന്നവൾ ചിന്തിച്ചു താനിനിയെങ്ങനെ പഠിപ്പിക്കും. ഇങ്ങനെ ചിന്തിച്ച് റോഡിലൂടെ പോയപ്പോൾ അവൾക്ക് ഒരു കോൾ വന്നു.അനിയത്തിയായിരുന്നു അത് കോളേജിലെ ഫീസ് അടയ്ക്കാത്തതിനാൽ അവളെ ക്ലാസിൽ നിന്നും പുറത്താക്കി. ഫീസ് ഇന്നടക്കണമെന്ന് പറയാനാണ് വിളിച്ചത്. അവളാകെ തകർന്നു. അണപ്പൊട്ടിയ ദുഖത്തോടെ റോഡിലൂടെ നടന്നു. പെട്ടെന്ന് ഒരു കാർ അവളെ വന്നിടിച്ചു. കണ്ണു

ഉറക്കമ്പോൾ ആശുപത്രിയിൽ. തന്റെ അരികിൽ കാർ വന്നത് മാത്രമേ അവൾകോർമ്മ ഉണ്ടായിരുന്നുള്ളൂ. ആരോ അവളെ രക്ഷിച്ചു. അനിയത്തി വിവരമറിഞ്ഞിരുന്നില്ല. അവൾവീണ്ടും സങ്കടത്തിലായി. ആശുപത്രിയിൽ അടയ്ക്കാൻ തുക തന്റെ കൈയിലില്ല. എന്തു ചെയ്യണമെന്നറിയാതെ നിന്നപ്പോൾ ഒരു നേഴ്സ് പറഞ്ഞു. താങ്കളുടെ തുക ഒരാൾ അടച്ചു അവളെ രക്ഷിച്ച ആളാണ് ആ സഹായം ചെയ്തത്. ആരാണെന്ന് തിരക്കിയപ്പോൾ ആശുപത്രിയിലെ ടെലിഫോണിൽ ഒരു missed call വന്നു. അയാൾ പറഞ്ഞു. കോളേജ് ഫീസ് അടച്ചിട്ടുണ്ടെന്ന്. ഞാൻ ആരാണെന്ന് ചോദിക്കും മുമ്പേ കോൾ കട്ടായി. എനിക്കത്ഭുതമായി. അതയാൾ എങ്ങനെ മനസ്സിലാക്കിയെന്ന് പിന്നീടാണെനിക്ക് മനസ്സിലായത്. അയാൾ എന്റെ ബാഗിലെ ഡയറി വായിച്ചിട്ടുണ്ട് എന്ന്

# സൗഹൃദം

അനഘ മനീഷ് 9B

വ്യത്യസ്ത ജീവിതരീതിയിലൂടെ വളർന്നുവന്ന
പെൺകുട്ടികളുടെ കഥയാണിത്. ഇവരുടെ
ജീവിതപശ്ചാത്തലം തികച്ചും വ്യത്യസ്തം തന്നെയായിരുന്നു. എന്നാൽ ഇവരുടെ കാഴ്ചപ്പാട്
ഒരേദിശയിലേക്കായിരുന്നു. പത്താം
തരത്തിൽ നിന്ന് രതിനൊന്നാം തരത്തിലേ-
ക്കുള്ള ചുവടുവെയ്പ്പിനിടയിലുള്ള പതിനൊ-
ന്നാം തരക്കാരും പന്ത്രണ്ടാം തരക്കാരും തമ്മി-
ലുള്ള വാക്ക്തർക്കത്തിലൂടെയാണ്. അവർ നാലുപേരും കണ്ടുമുട്ടുന്നത്. അവർക്കിടയിൽ
ഏറ്റവും കൂടുതൽ ധൈര്യവും ഉശിരുമുള്ളത് ആയിഷയ്ക്കായിരുന്നു. അവളെ മറ്റെല്ലാവരും
ആയിഷു എന്നാണ് വിളിച്ചിരുന്നത്. അവരുടെ
കൂട്ടത്തിൽ നന്നായി ചിത്രം വരച്ചിരുന്നത്
സ്വീറ്റ്മരിയ ആയിരുന്നു. അവളെ എല്ലാവരും
വിളിച്ചിരുന്നത് സ്വീറ്റി എന്നായിരുന്നു. അവർ-
ക്കിടയിൽ വളരെ സമ്പന്നമായി ഒരു പെൺ-
കുട്ടിയായിരുന്നു അക്ഷിത അവളെ അവർ അച്ചു എന്നായികുന്നു വിളിച്ചത്. ഇവർ നാലു-
പേരും കൂടി ഒരു അത്ഭുതലോകം തന്നെ സൃ-
ഷ്ടിച്ചു.

അവരുടെ ആദ്യത്തെ ദിവസം വളരെ
സന്തോഷം നിറഞ്ഞ ഒന്നായിരുന്നു.പുതിയ
ക്ലാസ്സും പുതിയ അദ്ധ്യാപകരും പുതിയ വിശ-
യങ്ങളും അങ്ങനെയങ്ങനെയെല്ലാം പുതിയ-
തായി. അങ്ങനെയിരിക്കെ അവരുടെവ അ-
ത്ഭുതലോകത്തിലേക്ക് അഞ്ചാമത് ആയി അ-
വൻ കടന്നുവരുന്നു. അവനായിരുന്നു ക്രിസ്റ്റി.
അവന്റെ സ്വാധീനം ഏറെ ബലപ്പെട്ടിരുന്നത്
വിച്ചുവിന്റെ ജീവിതത്തിലായിരുന്നു. വിച്ചു ഒരു
സാധാരണക്കാരിയായതിനാൽ ക്രിസ്റ്റിയുടെ
കപടസ്നേഹം യാഥാർത്ഥ്യമായിവിശ്വസിച്ചു.
അങ്ങനെ അവൾക്ക് അവനോടുള്ള സ്നേഹം വർധിക്കുകയും അവരുടെ സൗഹൃദത്തിൽ വി-
ള്ളൽ ഏൽക്കുകയും ചെയ്തു. ക്രിസ്റ്റി എപ്പോഴും
അവളെ അവരുടെ അത്ഭുതലോകത്തുനിന്നും

അകറ്റാനായിരുന്നു ശ്രമിച്ചിരുന്നത്. സ്വീറ്റിക്ക്
ക്രിസ്റ്റിയുടെ സ്വഭാവം നന്നായി അറിയാമാ-
യിരുന്നു. അവൾ ക്രിസ്റ്റിയും വിച്ചുവും തമ്മിലു-
ള്ള ബന്ധം അറിഞ്ഞപ്പോൾ ആകെ തകർ-ന്നുപോയിരുന്നു. സ്വീറ്റി ഈകാര്യം ഉടൻതന്നെ അച്ചുവിനോടും, ആയിഷുവിനോടും
പറഞ്ഞു. അവർ മൂന്നുപേരും വിച്ചുവിനെ അതി-
ൽ നിന്നും പിൻതിരിപ്പിക്കാൻ ഒരുപാട് ശ്രമി-
ച്ചു എന്നാൽ വിച്ചുവിന് ക്രിസ്റ്റിയോടുള്ള സ്നേ-
ഹം ദൃഢമായിരുന്നു.

പതിയെപ്പതിയെ ക്രിസ്റ്റിയുടെ സ്വഭാ-
വം മാറിക്കൊണ്ടിരുന്നു. അവൻ അവളെ ചൂ-
ഷണം ചെയ്യാൻ തുടങ്ങി. അപ്പോഴാണ് വി-
ച്ചു മനസ്സിലാക്കുന്നത് തന്റെ കൂട്ടുകാർ പറഞ്ഞ-
തിൽ എന്തൊക്കയോ സത്യമുണ്ട് എന്ന്. എന്നാൽ അപ്പോൾ തന്നെ ഒരുപാട് വൈകിയിരുന്നു. ഇതിനെ തുടർന്ന് അവൾക്ക്
ഭയം തോന്നിതുടങ്ങി. അവന്റെ വഴിക്ക് അച്ചു
വരില്ലാ എന്ന് മനസ്സിലാക്കിയ ക്രിസ്റ്റി തന്ത്ര-
പൂർവം ഒഴിവാക്കി. പക്ഷേ, അത് വിച്ചുവിന് ഒ-
ട്ടും തന്നെ ഉൾക്കൊള്ളാൻ സാധിച്ചില്ല.

എന്നാൽ, ഈ സാഹച-
ര്യത്തിലും അവളുടെ കൂട്ടുകാർ അവളോടൊപ്പം
തന്നെ നിന്നു. അവളെ സന്തോഷിപ്പിക്കാനും
പഴയനിലയിൽന എത്തിക്കാനും വേണ്ടി അവർ ഒരുപാട് പ്രയത്നിച്ചു. പക്ഷേ, അതി-
നൊന്നും ഫലമുണ്ടായില്ല. പതിയെ പതിയെ
വിച്ചുവിന്റെ മാനസികനിലതകരാൻ തുടങ്ങി.
അങ്ങനെയിരിക്കെ ആ ദുരന്തം അവരെ തേടി എത്തി. വിച്ചു എന്നന്നേക്കുമായി അവരുടെ
മിഴികളിൽ നിന്ന് അകന്നുപോയി. അത് അവർക്ക് ഒട്ടും തന്നെ സഹിക്കാൻ സാദിച്ചിരു-
ന്നില്ല. വിച്ചുവിന്റെ മനോഹരമായ ഒരു ചിത്രം
അതിനകം സ്വീറ്റി വരച്ചിരുന്നു. അവർ മൂന്ന്
പേരും കൂടി വിച്ചുവിന്റെ ആത്മാവിന്റെ ശാന്തി-
ക്ക് വേണ്ടി ക്രിസ്റ്റിയെ അന്വേഷിച്ചിറങ്ങുന്നു.
ഒരുപാട് അന്വേഷിച്ചു എന്നിട്ടും അവർക്ക് അ-
വനെ കണ്ടത്താൻ സാധിച്ചില്ല. എങ്കിലും അവർ അവരുടെ പ്രയത്നം അവസാനിച്ചില്ല.
അങ്ങനെ ഇരിക്കെ യാതൃശ്ചികമായി ക്രിസ്റ്റി-
യെ കണ്ടെത്തി. ക്രിസ്റ്റിയെ കണ്ടത്തിയ ആ
നിമിഷം ആയിരുന്നു അവർക്ക് മനസ്സിലായത്

ദൈവം വിച്ചുവിന്റെ കൂടെ ഉണ്ടായിരുന്നു എന്ന്.

അവനെ കണ്ടെത്തിയത് ഒരു തെരുവിൽ തികച്ചും മാനസികാവസ്ഥ തെറ്റിയ ഒരു ഭ്രാ-

ന്തനെപോലെ ആയിരുന്നു. അച്ചു ക്രിസ്റ്റിയുടെ

നേർക്കുനേർ നിന്ന് പറഞ്ഞു; ഈ ലോകത്ത്

ഏറ്റവും വിലയേറിയ ബന്ധം അത് സുഹൃത് ബന്ധമാണ് അതിനുവേണ്ടി ലോകത്തിന്റെ

ഏത് അറ്റത്ത് പോകാനും ആ സുഹൃത്തുക്കൾ

തയാറാകും അതിന്റെ മുന്നിൽ മറ്റൊന്നിനും

സ്ഥാനമില്ല.

## അമ്മ

### അനുഷ്മ.ബി 9B

അനന്തമാം വീഥിയിൽ കണ്ണെറിഞ്ഞ്
തൻ മകനൊന്ന് വരുമെന്ന തോന്നലിൽ .
ഇമപോലും ചിമ്മിടാൻ അവസരം നൽകാതെ
അനാഥമന്ദിരത്തിൻ ജനാലക്കരികിൽ ഒരമ്മതൻ
നേർത്ത കണ്ണിർതുള്ളികൾ
സന്തോഷരാവെല്ലാം മാഞ്ഞുപോയി
പകലെന്നോ പാതിരാവെന്നോ അറിയാതെ
തൻ മകൻെറ വിളിക്കുവേണ്ടി
കാതോർത്തിരുന്നോരമ്മ
പിച്ചവെച്ച് നടത്തിയും കുടെകളിച്ചും
താരാട്ടുപാടി ഉറക്കിയും വെച്ചുവിളമ്പിയും
പോയിപോയ ആ ജീവിതം
ആർക്കുവേണ്ടി ?
എവിടെയിരുന്നാലും എത്ര വളർന്നാലും പെറ്റമ്മയെ മറന്നിടല്ലെ........
ഹൃദയമാം കോവിലിൽ അമ്മയുണ്ടാകണം അമ്മതൻ നന്മ
*മറന്നിടല്ലെ.................*

# പണ്ടത്തെപ്പാട്ടുകൾ



വള്ളത്തോൾ



നമ്മുടെ മാതാവു-കൈരളി-പണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം -
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,

ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം -
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തിരെ
വറ്റിയിരുന്ന പഴങ്കഥപ്പാട്ടുകൾ
*പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം*

# അനുഭവക്കുറിപ്പ്

## സൗമ്യ.എസ്സ് 9A

എന്റെ ഈ അനുഭവക്കുറിപ്പ് ഒരു തിരിച്ചറിവാണ്. "മുതിർന്നവർ പറയുന്നത് അനുസരിക്കണം" എനിക്ക് ആ അനുസണക്കേടിന്റെ ഫലമായി പല അപകടങ്ങളും ഉണ്ടായിട്ടുണ്ട്. അതിലൊന്നാണ് ഞാനിതില് എഴുതുന്നത്.

ഞാൻ ഒന്നിലോ രണ്ടിലോ പഠിക്കുമ്പോൾ

ഓടയിൽ വീണിട്ടുണ്ട്. പറമ്പോൾ എനിക്കറപ്പാണ്. പണ്ട് അമ്മ എവിടെയെങ്കിലും പോകുമ്പോൾ എന്നെയും ചേച്ചിയെയും വല്യമ്മച്ചിയുടെ അങ്ങ് കൊണ്ടാക്കാറുണ്ട്. തമസിക്കുകയാണങ്കിൽ ചലപ്പോൾ ചോറ് തന്നുവിടും. ഞങ്ങളുടെ വീടിന്റെ കുറച്ചപ്പുറത്ത് ഒരു ഓടയുണ്ട് ഒരു ദിവസം അമ്മയില്ലായിരുന്നു. അപ്പോൾ വല്യമ്മച്ചിയുടെ വീട്ടിൽ പോയി. ചോറും തന്നു വിട്ടു ഞാൻ ചെറുതായതിനാൽ അന്ന് ഓരോ കുട്ടിക്കും ഉള്ള പിടിവാശിപോലെ എനിക്കും ഉണ്ടായിരുന്നു.ഞാനും ചേച്ചിയും എവിടെപോയാലും ഒന്നും രണ്ടും പറഞ്ഞ് അടിയിടുമായിരുന്നു.പരസ്പരം സ്നേഹമുണ്ട് എങ്കിലും പൊരിഞ്ഞ അടിയുമാണ്. അന്നും ഇതു സംഭവിച്ചു ഞാൻ കുട്ടിയായതുകൊണ്ട് അമ്മ ചേച്ചിയുടെ കൈയിൽ ചോറു കൊടുത്തു. അന്ന് മഴപെയ്യുകിടന്ന സമയമായിരുന്നു. ഓടയെല്ലാം നിറഞ്ഞൊഴികിയിരുന്ന ഓടയ്ക്ക് തെറ്റലുണ്ടായിരുന്നു. അമ്മ പോകുന്നതിനു മുൻപേ പറഞ്ഞിരുന്ന ഓടയുടെ അറ്റത്ത് നടക്കരുത് തെന്നിവീഴും സൂക്ഷിച്ച് പോകണമെന്ന്. അന്ന് എല്ലാവരെയും പോലെ ഞാനും കാര്യമായെടുത്തില്ല വീട്ടിൽ നിന്നിറങ്ങി കുറച്ചുകഴിഞ്ഞപ്പോൾ തന്നെ വഴക്കായി. എനിക്ക് ചോറ് പിടിക്കാന് തരണമെന്ന് ഞാൻ വാശിപിടിച്ചു. കുട്ടിയായതിനാൽ ഞാൻ കളയുമെന്ന് കരുതി ചേച്ചി തന്നില്ല. ഞാൻ ഓടയുടെ അറ്റത്തു കൂടി നടന്നു. തന്നില്ലങ്കിൽ ചാടുമെന്ന് പറഞ്ഞു. ചേച്ചി വീഴുമെന്ന് ഒരുപാട് തവണ പറഞ്ഞു. എന്നെ പിടിച്ചു മാറ്റുകയും ചെയ്തു. പിന്നെയും ഞാൻ ആവർത്തിച്ചു ചിടുമെന്ന് പറഞ്ഞു അവസാനം അത് സത്യമായി. ഞാൻ ചാടിയില്ല ഓടയിൽ തെറ്റി ഞാൻ വീണു. ചേച്ചി എന്നെ ഓടിവന്നു പിടിച്ചു. ഞങ്ങളുടെ അയവാസിയായ ബിന്ദുവമ്മ ഇതുകണ്ട് ഓടിവന്നു. ചേച്ചിയും ബിന്ദവമ്മയും എന്നെ രക്ഷിച്ചു. ഞാൻ കണ്ണു തുറക്കുമ്പോൾ എന്റെ വയറ്റിൽ ബിന്ദുവമ്മ അമർത്തുകയായിരുന്നു.

ഞാനാവെള്ളം കുടിച്ചു കാണും. അതോർക്കുമ്പോൾ ഇപ്പോഴും അറപ്പാണ്. എന്നാലും ജീവൻ രക്ഷപ്പെട്ടതിൽ സന്തോഷമായി. ബിന്ദുവമ്മ എന്നെ വഴക്കുപറഞ്ഞു. വീട്ടിൽ വന്നപ്പോൾ അമ്മയും ചേച്ചിയും എന്നെ കുറേ

*ശകാരിച്ചു. അവരുടെ ഉപദേശം സത്യമാണെന്ന് എനിക്ക് മനസിലായി. അതിനാൽ മുതിർന്നവർ പറയുന്നത് എല്ലാവരും അനുസരിക്കണം.*

# മലബാറിലെ മാപ്പിള ഫലിതങ്ങൾ

എം.കെ.ഹസ്സൻ കോയ

എം.കെ.ഹസ്സൻകോയ എഴുതിയ മലബാറിലെ മാപ്പിള ഫലിതങ്ങൾ എന്ന നോവലാണ്. കോഴിക്കോട് ജില്ലയിലെ ഫറോക്കിനടുത്ത് കരുവൻതിരുത്തി ഗ്രാമത്തിൽ മണ്ണാർക്കാവിൻ മൂസ-ആമിന ദമ്പതികളുടെ സീമന്തപുത്രനായി ജനിച്ചു.ചെറുപ്രായത്തിൽ മാതാപിതാക്കൾ മരണപ്പെട്ടതിനെ തുടർന്ന് 1971 മുതൽ 1984 വരെ

മുക്കം മുസ്ലിം ഓർഫനേജിലെ അന്തേവാസിയായി പഠിച്ച വളർന്നു .1984-ൽ ഇതേ സ്ഥാപനത്തിന്റെ കീഴിലുള്ള മുഹമ്മദ്

അബ്ദുൾ റഹിമാൻ മെമ്മോറിയൽ ഓർഫനേജ്

കോളേജിൽ സ്ഥാപന മേധാവികൾ ജോലി

നൽകി .ഇപ്പോൾ ആനുകാലികങ്ങളിൽ കഥകളും

ഹാസ്യങ്ങളും ബാലഭൂമി, മലർവാടി എന്നീ മാസികകളിൽ കുട്ടികൾക്ക് വേണ്ടിയും എഴുതി വരുന്നു.

അന്യംനിന്നു പോകുന്ന മാപ്പിള ഫലിതങ്ങളെ കണ്ടെത്തി തേച്ചുമിനുക്കി ഉൾക്കാമ്പോടെ പുതിയ തലമുറക്ക പരിചയപ്പെടുത്താൻ വേണ്ടത്ര ശ്രമങ്ങൾ നടക്കുന്നില്ല. കുഞ്ഞൻ മുസ്ല്യാർ തുടങ്ങിയ പള്ളിക്കര വി.പി.മുഹമ്മദ് വരെ ചിരിക്കും ചിന്തിക്കും വക നൽകുന്ന ലക്ഷണമൊത്ത ഫലിതക്കാരനായ മലബാറുകാരനായിരുന്ന തനിമ നഷ്ടപ്പെടാത്ത മാപ്പിള ഫലിതങ്ങളെ യഥാർത്ഥ സൗകുമര്യതയോടെ പകർന്നുനൽകിയ പരശ്ശതംപേർ കോഴിക്കോട്ടും തലശ്ശേരിയിലുമൊക്കെയുണ്ടായിരുന്ന ചിരിക്കും ചിന്തിക്കും വക നൽകുന്ന മാപ്പിള ഫലികതങ്ങൾ കാത്തുസൂക്ഷിക്കാനും മറ്റുള്ളവർക്ക് പകർന്ന് നൽകാനും പറഞ്ഞു

മലബാറിന്റെ ഓരോ കുതിപ്പിന്റെയും കിതപ്പിന്റെയും ചാലകശക്തി മാപ്പിളമാരുടെ നിഷ്കളങ്ക മനസ്സും ഊഷ്മള സ്നേഹ ബന്ധവും ആണ്.സംസ്കാരിക തനിമയും ചരിത്രസുഗന്ധവും ഹാസ്യത്തിന്റെമുഖവും വിചിത്രവുമായ മാപ്പിള ഫലിതങ്ങൾ കാത്തുസൂക്ഷിച്ചിരിക്കുകയാണ് എം.കെ.ഹസ്സൻകോയ .

ഇനി നമുക്ക് മാപ്പിളഫലിതങ്ങളിലെ പകുതിയിലൂടെ പ്രദക്ഷിണം നടത്താം .ഒപ്പം തലയുടെ പോസ്റ്റ്മോർട്ടവും .വലിയവീട്ടിലെ ചെറിയ കാര്യത്തിൽ വെളിച്ചണ്ണ കുറയാൻകാരണം കോളസ്റ്റോർ.... കാര്യസ്ഥനും വേലക്കാനും കടക്കരനും വേലക്കാനുമൊക്കെ അത്രകണ്ട് വലിയകം തറവാട്ടുകാരെ സ്നേഹിക്കുന്നുവെന്ന്........

പൂച്ച ഇറച്ചിക്കഥയിലെ മൊയ്തുക്കയുടെ കെട്ടിയോൾ കുറ്റക്കാരിയല്ല. കപ്പ തൂക്കുന്ന തുലാസിന്റെ കുഴപ്പമാണ്.

കുഞ്ഞിരായിൽ  അരക്ക് വെള്ളത്തിൽ ആളെ ഇറക്കിയത് അവർ നീന്തൽ പഠിക്കാനാണ്. ലോഞ്ചിൽ ആളെ കൊണ്ടുപോയിരുന്ന അക്കാലത്ത് കഴുത്തോളം വെള്ളത്തിലാണിറക്കുക.

കോയക്കാരുടെ മക്കൾ നാവ് നുണച്ച് കൊണ്ട് പറഞ്ഞത് ഇനിയെന്നാ ആര്യാടൻ പറ്റിക്കുക എന്നാവും.

സുന്നത്ത് ചെയ്യാതെ രിയാസ് മുങ്ങിയില്ലെങ്കിൽ മലബാറിന് നല്ലൊരു ഫലിതം നഷ്ടപ്പെടുമായിരുന്നു.

കുട്ട്യാലിക്ക പൂച്ചയെ കറിവെക്കാൻ കോട്ട്യോളോട് കല്പിക്കാത്തത് ഭാഗ്യം.

ലഡുവിൻനിന്ന് മുന്തിരിയെടുത്ത അവറാനിക്കയെ വേങ്ങര ഭാഗത്തേക്കാണയക്കേണ്ടിയിരിക്കുന്നത്. കറുപ്പനുസ്ലാൻ ..... സൂചിയുടെ സൂത്രം,അതിലും ജോർ .

അലവിക്കയുടെ അയക്കുറ പോരിച്ചത് വായിച്ചപ്പോൾ കുട്ടിയ രസംതോന്നി. മോന്റെ വണ്ട് പ്രയോഗം ബാപ്പാനെ ഓടിച്ചതും ചിരിക്കുവക നൽകുന്നു. കലം പോയപ്പേക്കിനേക്കാൾ നല്ലത് തീക്കൊള്ളി. കുഞ്ഞിത്താത്താന്റെ അസറ്ബാങ്ക് കൊടുക്കൽ സുപരിചിതം. പെട്രോൾ മാക്സ്  പെരുമയണെങ്കിൽ അറുബോറും.

ഇത്രയും എഴുതിയപ്പോഴാണ് അബ്ദുള്ളാക്ക പട്ടിയ പിടിച്ചപോലെ ഞാനുമായത്. വായനക്കാർ സംശയിച്ചേക്കാം. സറ്റാമ്പ് വേണ്ടവർ സംശയിച്ചതുപോലെ ഏതാണ് ഈ ഭ്രാന്തൻ എന്ന് എന്നാലും ഞാൻ കല്യാണ ബ്രോക്കറായില്ലല്ലോ എന്നോർത്ത് സമാധാനിച്ചു.

അശ്ലീലം പൊതിഞ്ഞ എത്രയോ തമാശകൾ ഇന്ന് നമുക്ക് ചുറ്റും കേൾക്കുന്നുണ്ടാവാം. ഇന്ന് ജനത്തെ ചിരിപ്പിക്കാൻ ചിലർക്ക് അത്തരം കഥകൾകൊണ്ടേ കഴിയൂ എന്ന് ഒരു വിചാരവും വന്നു ചേന്നിട്ടുണ്ട്. മാത്രമല്ല, സംസ്കാരശൂന്യമായ ഏതുകാര്യവും എവിടെ വെച്ചും ആരുടെ മുന്നിലും വെട്ടിത്തുറന്ന്  പറയാം എന്ന സീരിയൽ സിനിമാ സംസ്കാകരം കുടുംബത്തിലും ബന്ധത്തിലും എത്രത്തോളം അകൽച്ചയും അടുപ്പവും ഉണ്ടാക്കിയെന്നും നമുക്കറിയാം . പഴമ നാടൻ ഫലിതങ്ങളോർത്ത് നമുക്കെന്നും ഊറിച്ചിരിക്കാൻ കഴിയും . നിങ്ങൾ പ്രതിയെ പൂർവ്വ വൈരാഗ്യം കൊണ്ടാണോ അടിച്ചത് .....? എന്ന് കോടതിയിൽ പ്രതിയോട് എതിർഭാഗം വക്കീൽ ചോദിക്കുമ്പോൾ അല്ല .... ഞാൻ കടപ്പാരകൊണ്ടാണ് അടിച്ചത് എന്നുപറയുന്ന യാഥാസ്ഥിക ഫലിതം എത്രയാളുകളെ പൊട്ടിച്ചിരിപ്പിക്കും . ഊറിച്ചിരിക്കും എന്ന് ഈ യുഗത്തിൽ പറഞ്ഞറിക്കാൻ വിഷമമാണ് .

*ഇതിലെ എല്ലാ കഥകളും ഏത് സമുദായത്തിൽപ്പെട്ടവർക്കും കുട്ടികൾക്കും മുതിർന്നവർക്കും വായിച്ചു രസിക്കാനാവുന്ന മട്ടിലാണ് എഴുതിയിരിക്കുന്നത് . ചിലതൊക്കെ നിങ്ങൾ കേട്ടതാവും . കേൾക്കാത്തതാവാം ചിലത് ചില അവസരത്തിനൊത്ത് ഉത്തമ കഥയായി പറയാറുണ്ട്.*

## പ്രവേശനോൽസവം   വിജയോൽസവം

*നവാഗതരെ മധുരവും പഠനോപകരണങ്ങളും നൽകി  സ്വീകരിച്ചു ബഹു:MLA ശ്രീ ചവറ വിജയൻപ്പിള്ള ഉദ്ഘാടനം ചെയ്തു .*










# പ്രതിഭകളോടൊപ്പം

നവംബർ14 ന് ശ്രീ ചവറ തുളസിയെ സന്ദർശിച്ചു.കൊറ്റൻകുളങ്ങര സ്കൂളിലെ ചിത്രകല അദ്ധ്യാപകനായി വിരമിച്ച വ്യക്തിയാണ്. ധാരാളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.സാഹിത്യ രചനയ്ക്ക് ഉതകുന്ന ചില നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകി.






by
Fathima·s
IX·A




by Nimmi


Archa Minnu's



